**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3394** **11-03-2025 - ൽ മറുപടിയ്ക്ക്**

**പൊതുആവശ്യങ്ങൾക്കായി വിട്ടുനൽകിയ ഭൂമി തിരിച്ചുവാങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുആവശ്യങ്ങൾക്കായി പഞ്ചായത്തുകൾക്കോ മറ്റ് വകുപ്പുകൾക്കോ വിട്ടുനൽകിയ ഭൂമി, ഉദ്ദേശ്യലക്ഷ്യം നിറവേറ്റാത്ത സാഹചര്യത്തിൽ തിരിച്ച് വാങ്ങുന്നതിന് ഭൂമി വിട്ടുനൽകിയ വ്യക്തിക്ക് സാധിക്കുമോ; വിശദമാക്കാമോ; | (എ) | കേരള ഭൂമി വിട്ടൊഴിയൽ നിയമം, 1958 പ്രകാരം ഒരു രജിസ്റ്റേർഡ് ഭൂഉടമയ്ക്ക് റവന്യൂ രേഖകളിൽ തന്റെ പേരിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള ഏതെങ്കിലും ഭൂമി മുഴുവനായോ അതിന്റെ ഭാഗമോ ഗവണ്മെന്റിന്റെ പേരിൽ നിരുപാധികം വിട്ടൊഴിഞ്ഞു കൊടുക്കാവുന്നതാണ്. ഇപ്രകാരം വിട്ടു നൽകിയ ഭൂമി, ഭൂമി വിട്ടു നൽകിയ വ്യക്തിക്ക് തിരികെ നൽകുന്നത് സംബന്ധിച്ച് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്.<br><br>എന്നാൽ, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 3 പ്രകാരം, പൊതു ആവശ്യങ്ങൾക്കായി പഞ്ചായത്തിന് ദാനാധാര പ്രകാരം വിട്ടു നൽകിയ ഭൂമി പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുവാൻ അനുയോജ്യമല്ലെന്ന് കണ്ടെത്തിയാൽ, പ്രസ്തുത ഭൂമി തിരികെ നൽകുന്നതിന് പഞ്ചായത്തിന് ആക്ഷേപമില്ലാത്ത സാഹചര്യത്തിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഭൂമി വിട്ടു നൽകിയ വ്യക്തിക്ക് പ്രസ്തുത ഭൂമി തിരികെ നൽകാവുന്നതാണ്. ആയതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. |
| (ബി) | ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ? | (ബി) | കേരള ഭൂമി വിട്ടൊഴിയൽ നിയമം, 1958 പ്രകാരം ഒരു രജിസ്റ്റേർഡ് ഭൂഉടമയ്ക്ക് റവന്യൂ രേഖകളിൽ തന്റെ പേരിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള ഏതെങ്കിലും ഭൂമി മുഴുവനായോ അതിന്റെ ഭാഗമോ ഗവണ്മെന്റിന്റെ പേരിൽ നിരുപാധികം വിട്ടൊഴിഞ്ഞു കൊടുക്കാവുന്നതാണ്. ഇപ്രകാരം വിട്ടു നൽകിയ ഭൂമി, ഭൂമി വിട്ടു നൽകിയ വ്യക്തിക്ക് തിരികെ നൽകുന്നത് സംബന്ധിച്ച് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. |

| | | | |
|---|---|---|---|
| | | | എന്നാൽ, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം 3 പ്രകാരം, പൊതു ആവശ്യങ്ങൾക്കായി പഞ്ചായത്തിന് ദാനാധാര പ്രകാരം വിട്ടു നൽകിയ ഭൂമി പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുവാൻ അനുയോജ്യമല്ലെന്ന് കണ്ടെത്തിയാൽ, പ്രസ്തുത ഭൂമി തിരികെ നൽകുന്നതിന് പഞ്ചായത്തിന് ആക്ഷേപമില്ലാത്ത സാഹചര്യത്തിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഭൂമി വിട്ടു നൽകിയ വ്യക്തിക്ക് പ്രസ്തുത ഭൂമി തിരികെ നൽകാവുന്നതാണ്. ആയതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ